

# ഹാ മായ, മായ, സകലവും മായയത്രേ

ഡോ. ജോൺസൻ ചെറിയാൻ

All is Vain.indd 1 27/08/2024 12:39:42 AM

മനുഷ്യൻ ബഹുകാലം ജീവിച്ചിരിക്കുന്നു
എങ്കിൽ അവൻ അതിൽ ഒക്കെയും
സന്തോഷിക്കട്ടെ; എങ്കിലും അന്ധകാരകാലം
ദീർഘമായിരിക്കും എന്നും അവൻ
ഓർത്തുകൊള്ളട്ടെ; വരുന്നതൊക്കെയും മായ
അത്രേ. നിന്റെ യൌവനകാലത്തു നിന്റെ
സ്രഷ്ടാവിനെ ഓർത്തുകൊൾക....

(സഭാപ്രസംഗി 11:8, 12:1)

# ഹാ മായ, മായ, സകലവും മായയത്രേ

**ഹാ മായ, മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ, സകലവും മായയത്രേ. സൂര്യനു കീഴിൽ പ്രയത്നിക്കുന്ന സകലപ്രയത്നത്താലും മനുഷ്യനു എന്തു ലാഭം? (സഭാപ്രസംഗി 1:2,3)**

നമ്മുടെ തലമുറയിൽ ജീവിക്കുന്ന ഒട്ടുമിക്ക ആളുകൾക്കും അവരുടെ ജീവിതത്തിലെ ഒന്നോ അതിലധികമോ ഘട്ടത്തിൽ ശലോമോൻ രാജാവ് ഇവിടെ പറയുന്നത് അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അവൻ യിസ്രായേലിലെ ഏറ്റവും ധനികനായ രാജാക്കന്മാരിൽ ഒരാളും ജ്ഞാനിയും ആയിരുന്നു, എന്നിട്ടും എല്ലാം മായയാണെന്ന് അദ്ദേഹത്തിന് തോന്നി. ഒരുപക്ഷേ നിങ്ങൾക്കും മുൻകാലങ്ങളിൽ അങ്ങനെ തന്നെ തോന്നിയിട്ടുണ്ടാകാം അല്ലെങ്കിൽ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയായിരിക്കാം. ഈ ജീവിതത്തിന് എന്തെങ്കിലും അർത്ഥമുണ്ടോ? എന്ന് പലരും ചോദിക്കുന്ന ചോദ്യമാണ്.

രോഗങ്ങളും പ്രശ്നങ്ങളും ഒരാൾ ആഗ്രഹിക്കുന്ന സന്തോഷത്തെയും സമാധാനത്തെയും മറികടക്കുന്നു. ദരിദ്രർ പണക്കാരെ നോക്കി തങ്ങൾക്ക് പ്രശ്നങ്ങളൊന്നുമില്ലെന്ന് പറഞ്ഞേക്കാം, എന്നാൽ പണക്കാർക്ക് മാത്രമേ അവരുടെ വിഷമങ്ങൾ അറിയൂ. യുദ്ധങ്ങൾ, ക്ഷാമങ്ങൾ, വെള്ളപ്പൊക്കം, ഭൂകമ്പങ്ങൾ, മഹാമാരികൾ, തീവ്രവാദം, ചൂഷണം തുടങ്ങി എല്ലാ കുറ്റകൃത്യങ്ങളും നമ്മുടെ കാലത്ത് അതിന്റെ പാരമ്യത്തിലാണ്. സംതൃപ്തിയുള്ള ജീവിതം നയിക്കുന്നവർ വളരെ കുറവാണ്. ഇപ്പോൾ നിങ്ങളുടെ ജീവിതം ആയിരിക്കുന്ന അവസ്ഥയിൽ നിങ്ങൾ സന്തുഷ്ടരാണോ?

**സൂര്യന്നു കീഴെ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ടു; അവയൊക്കെയും മായയും വൃഥാപ്രയത്നവും അത്രേ. (സഭാപ്രസംഗി 1:14)**

ഒന്നാലോചിച്ചു നോക്കൂ, കല, ശാസ്ത്രം, വാണിജ്യം, സാങ്കേതികവിദ്യ, യാത്ര തുടങ്ങിയ വിവിധ മേഖലകളിൽ മനുഷ്യവർഗ്ഗം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, എന്നിട്ടും ദുർബല രാജ്യങ്ങളെ സഹായിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുപകരം, കൊള്ളയടിക്കുവാനും ഉന്മൂലനം ചെയ്യാനുമുള്ള ഭ്രാന്താണ് ചില വലിയ രാജ്യങ്ങൾക്കു. ശക്തരായ മിക്ക രാജ്യങ്ങൾക്കും വൻ നശീകരണ ആയുധങ്ങളുണ്ട്, അവ കൂടുതൽ ശേഖരിക്കുകയും ചെയ്യുന്നു, എന്നിട്ടും അവർ ആഗോള സമാധാനത്തെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടേയിരിക്കുന്നു. ആഗോള ആയുർദൈർഘ്യം ഏകദേശം 70 വർഷമാണ്, ഇന്നത്തെ ദിവസം, നിങ്ങളുടെ പ്രായം ഏതുമാകട്ടെ, ഭൂമിയിലെ ജീവിതത്തെക്കുറിച്ച് നിങ്ങൾ എന്താണ് മനസിലാക്കിയിരിക്കുന്നത്? നിങ്ങൾ ഇതിനകം ജീവിച്ച വർഷങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തു അഭിപ്രായം ഉണ്ട്? നിങ്ങളുടെ ഭാവി എന്തായിരിക്കുമെന്ന് നിങ്ങൾ കരുതുന്നു? ശലോമോൻ രാജാവിന് ഒരിക്കൽ തോന്നിയതുപോലെ നിങ്ങൾക്ക് തോന്നുന്നുണ്ടോ?....എല്ലാം മായയും വൃഥാപ്രയത്നവും അത്രേ.

**ഞാൻ എന്നോടു തന്നേ പറഞ്ഞു: വരിക; ഞാൻ നിന്നെ സന്തോഷംകൊണ്ടു പരീക്ഷിക്കും; സുഖം അനുഭവിച്ചുകൊൾക. എന്നാൽ അതും മായ തന്നേ. (സഭാപ്രസംഗി 2:1)**

ജീവിതത്തിൽ നിരന്തരമായി അനുഭവിക്കുന്ന പ്രശ്നങ്ങളിൽ ആളുകൾ നിരാശരാകുമ്പോൾ, പലരും മയക്കുമരുന്ന്, മദ്യം, വ്യഭിചാരം, വെറിക്കൂത്ത് എന്നിവയിലേക്ക് തിരിയുന്നു. മറ്റുചിലർ ധന സംമൃദ്ധി നിമിത്തം ഈ കാര്യങ്ങളിലേക്ക് തിരിയുന്നു. തന്റെ ജീവിതത്തിലെ ചില ഘട്ടങ്ങളിൽ, ശലോമോൻ രാജാവ് അനുവദനീയമായ പരിധിക്കപ്പുറം ജീവിതം ആസ്വദിക്കാൻ തീരുമാനിച്ചു. അവൻ വീഞ്ഞുകൊണ്ട് തന്റെ ജഡത്തെ തൃപ്തിപ്പെടുത്തി, അവന്റെ  കണ്ണുകൾ ആഗ്രഹിച്ചതെന്തും അവൻ ആസ്വദിച്ചു . അവൻ അവന്റെ  ഹൃദയത്തെ ഒരു സന്തോഷത്തിൽ നിന്നും മാറ്റിനിർത്തിയില്ല , 700 ഭാര്യമാരും 300 വെപ്പാട്ടികളും തനിക്ക് ഉണ്ടായിരുന്നു. നിങ്ങൾ നിങ്ങളുടെ ജീവിതത്തെ

എങ്ങനെ വിവരിക്കും? നിങ്ങളും സ്വന്തം ജീവിതം കൊണ്ട് കളിക്കുകയാണോ?, നിങ്ങൾക്ക് ഇഷ്ടമുള്ളത് കൊണ്ട് നിങ്ങളുടെ ജഡത്തെ തൃപ്തിപ്പെടുത്തുകയാണോ അതോ നിങ്ങൾ ദൈവം തന്നതിൽ തൃപ്തരാണോ?

**ആകയാൽ ഞാൻ എന്നോടു: ഭോഷന്നും എനിക്കും ഗതി ഒന്നു തന്നേ; പിന്നെ ഞാൻ എന്തിന്നു അധികം ജ്ഞാനം സമ്പാദിക്കുന്നു എന്നു പറഞ്ഞു. ഇതും മായയത്രേ എന്നു ഞാൻ മനസ്സിൽ പറഞ്ഞു. (സഭാപ്രസംഗി 2:15)**

നിങ്ങൾ മരിച്ച് ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടുമ്പോൾ മറ്റുള്ളവർ നിങ്ങളെ എപ്രകാരം ഓർമ്മിക്കും? ശലോമോൻ രാജാവ് ഇസ്രായേലിലെ ഏറ്റവും ധനികനും ജ്ഞാനിയുമായ രാജാക്കന്മാരിൽ ഒരാളായി അറിയപ്പെടുന്നു, ദൈവിക ജ്ഞാനം, അറിവ്, വിവേകം, സമ്പത്ത് എന്നിവയാൽ ദൈവം അനുഗ്രഹിച്ച വ്യക്തിയാണ്; വിഗ്രഹ ആരാധനയും അശ്രദ്ധയുള്ള ജീവിതം നയിക്കുന്നതിനും, ദൈവവുമായുള്ള തന്റെ നല്ല കൂട്ടായ്മ നഷ്ടപ്പെടുത്തി എന്നതിൽ അദ്ദേഹം അറിയപ്പെടുന്നു. ദൈവവുമായുള്ള നിങ്ങളുടെ കൂട്ടായ്മ എങ്ങനെയാണ്? നിങ്ങൾ ജീവനുള്ള ദൈവത്തെ വിളിക്കുന്നുവോ?

**അങ്ങനെ സൂര്യന്നു കീഴെ നടക്കുന്ന കാര്യം എനിക്കു അനിഷ്ടമായതുകൊണ്ടു ഞാൻ ജീവനെ വെറുത്തു; എല്ലാം മായയും വൃഥാപ്രയത്നവും അത്രേ. (സഭാപ്രസംഗി 2:17)**

നിങ്ങളുടെ ജീവിതത്തെ നിങ്ങൾ സ്നേഹിക്കുന്നുവോ അതോ വെറുക്കുന്നോ? ഈ രണ്ടു തീവ്രതകൾക്കിടയിലെവിടെയോ ഉള്ള ജീവിതത്തെക്കുറിച്ച് മിക്കവർക്കും അഭിപ്രായമുണ്ട്. ജീവിതത്തെ വെറുക്കുന്ന ചുരുക്കം ചിലർ സ്വന്തം ജീവൻ നഷ്ട്ടപ്പെടുത്തുന്നതിലേക്കു പോകുന്നു, നമ്മൾ പലപ്പോഴും വാർത്തകളിൽ ഈ കാര്യം വായിക്കാറുണ്ടല്ലോ. ആത്മഹത്യ ജീവിതത്തിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമല്ല, അത് ഒരിക്കലും ചെയ്യുവാൻ പാടില്ല. അത് നമുക്ക് ജീവൻ നൽകിയ

സൃഷ്ടാവിനെതിരെ പാപം ചെയ്യുന്നതിന് തുല്യമാണ്. സർവ്വശക്തനായ ദൈവം രണ്ടുതവണ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ശലോമോൻ രാജാവ് തന്റെ ജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽ ദൈവവുമായി നല്ല കൂട്ടായ്മ നിലനിർത്തിയിരുന്നു, എന്നാൽ പിന്നീട് അവൻ വിഗ്രഹാരാധനയിലും ദുർമാർഗങ്ങളിലും ഏർപ്പെട്ടു, ഇത് ദൈവത്തെ കോപിപ്പിക്കുകയും, വഴിപിഴച്ചതിന് ദൈവത്താൽ അവൻ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതിന് ഇടയായി. നിങ്ങളുടെ പാപങ്ങൾക്ക് ദൈവം നിങ്ങളെ ശിക്ഷിക്കുന്നതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾ അവനുമായി സമാധാനത്തിലാണോ?

**മനുഷ്യർക്കു ഭവിക്കുന്നതു മൃഗങ്ങൾക്കും ഭവിക്കുന്നു; രണ്ടിന്നും ഗതി ഒന്നു തന്നേ; അതു മരിക്കുന്നതുപോലെ അവനും മരിക്കുന്നു; രണ്ടിന്നും ശ്വാസം ഒന്നത്രേ; മനുഷ്യനു മൃഗത്തെക്കാൾ വിശേഷതയില്ല; സകലവും മായയല്ലോ. (സഭാപ്രസംഗി 3:19)**

പക്ഷികൾ, മൃഗങ്ങൾ, മത്സ്യങ്ങൾ, മനുഷ്യർ... ജീവജാലങ്ങൾ മരിക്കുന്നു, നമുക്കെല്ലാം അതിനെക്കുറിച്ച് അറിയാം. പക്ഷേ, ഒരു വ്യക്തി ഭൂമിയിൽ മരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? ഭൂമിയിൽ ജനിക്കുന്ന ഓരോ വ്യക്തിക്കും ഒരു ജഡശരീരവും ആത്മാവും ദേഹിയും ഉണ്ട്. ഒന്നാം മരണത്തിൽ, ജഡശരീരം മരിക്കുന്നു, അത് കുഴിച്ചടക്കപ്പെടുന്നു അല്ലെങ്കിൽ ദഹിപ്പിക്കുന്നു. എന്നാൽ ആത്മാവും ദേഹിയും എന്നേക്കും ജീവിക്കുന്നു. നമ്മുടെ ആത്മാവിനെയും ദേഹിയെയും നമുക്ക് കാണുവാൻ കഴിയുന്നില്ലെങ്കിലും, അവ യാഥാർഥ്യം ആണ്, ഭൂമിയിലെ നമ്മുടെ ശാരീരിക മരണത്തിന് ശേഷവും അവ നിത്യമായി ജീവിക്കുന്നു. ഭൂമിയിൽ മരിച്ച ഒരു വ്യക്തിയുടെ ആത്മാവും ദേഹിയും എവിടെയാണ് ജീവിക്കുന്നത്? ഒന്നുകിൽ ദൈവത്തിന്റെ കൽപ്പനകൾ അനുസരിച്ചുള്ള ജീവിതം നയിക്കുന്നവർക്കായി സൃഷ്ടാവു ഒരുക്കിയിട്ടുള്ള സ്വർഗ്ഗത്തിലോ അല്ലെങ്കിൽ ദൈവത്തോടുള്ള ധിക്കാരത്തിൽ ജീവിക്കുന്നവർക്കുള്ള നിത്യശിക്ഷയായ നരകത്തിലോ ആണ്. ഈ വസ്തുതകളെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടോ?

**അന്നു വെള്ളിച്ചരടു അറ്റുപോകും; പൊൻകിണ്ണം തകരും; ഉറവിങ്കലെ കുടം ഉടയും; കിണറ്റിങ്കലെ ചക്രം തകരും. പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും. ഹാ മായ, മായ, സകലവും മായ അത്രേ എന്നു സഭാപ്രസംഗി പറയുന്നു. (സഭാപ്രസംഗി 12:6-8)**

ജനനം, ശൈശവം, ബാല്യം, കൗമാരപ്രായം, യൗവനം, മധ്യവയസ്സ്, വാർദ്ധക്യം, മരണം എന്നിവ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സാധാരണ ക്രമമാണ്; ജീവിതത്തിൽ മോശം തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനാൽ ചിലർക്ക് അകാലത്തിൽ മരണം സംഭവിക്കുന്നു. ഋതുക്കൾ അതിവേഗം നീങ്ങുന്നു, പെട്ടന്ന് തന്നെ നമുക്ക് ഓരോരുത്തർക്കും സൃഷ്ടാവിന്റെ മുമ്പിൽ നിൽക്കേണ്ടിവരും. എല്ലാവരും അവനോട് ഉത്തരവാദിയാണ്, ദൈവവചനം പറയുന്നു,

**“ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു.” (എബ്രായർ 9:27)**

**എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകലമനുഷ്യർക്കും വേണ്ടുന്നതു. ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ. (സഭാപ്രസംഗി 12:13, 14)**

തന്റെ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ ശലോമോൻ രാജാവ് പറഞ്ഞതുപോലെ എല്ലാം മായയാണെന്ന് നമ്മുക്കും ചിലപ്പോൾ തോണിയേക്കാം. ഭൂമിയിലെ ജീവിതം പ്രയാസകരവും ദുഃഖകരവും നിരാശകരവും ആയേക്കാം, എന്നാൽ ദൈവത്തെ അതിൽ ഉൾപ്പെടുത്തുമ്പോളാണ് കാര്യങ്ങൾ അർത്ഥവത്തായിത്തീരുന്നത് എന്ന് ശലോമോൻ രാജാവ് മനസിലാക്കുവാൻ ഇടയായി.

**ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. (സങ്കീർത്തനങ്ങൾ 14:2)**

യേശു ഇങ്ങനെ പറയുന്നു,

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. (മത്തായി 11:28)**

**ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. (യോഹന്നാൻ 16:33)**

**സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുതു. (യോഹന്നാൻ 14:27)**

നീതിമാനായ ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു നിങ്ങളുടെ പാപങ്ങൾക്കും അനീതികൾക്കും വില കൊടുത്തു ശത്രുക്കളാൽ ക്രൂശിക്കപ്പെട്ട്, അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും വിശ്വസിച്ച് ദൈവവചനമായ ബൈബിൾ അനുസരിച്ച് അവനുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം നയിച്ച് നിത്യജീവന്റെ അവകാശിയായി തീരു.

ഭൂമിയിൽ ദൈവം നിശ്ചയിച്ചിരിക്കുന്ന നിങ്ങളുടെ സമയം കഴിയുമ്പോൾ മരണം വരും. നിത്യമായി സ്വർഗ്ഗത്തിൽ ദൈവത്തോടെകൂടെ വസിക്കുവാൻ യേശുവിനെ അനുഗമിക്കുക. അവൻ ഇങ്ങനെ പറയുന്നു,

**ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. (യോഹന്നാൻ 11:25)**

**Dr. Johnson Cherian M.D. Ph.D.**
Copyrights © 2024
All rights reserved.

TGSM, Eraviperoor, Kerala, India
WhatsApp +91 9605504120

**പാപി നൂറു പ്രാവശ്യം ദോഷം ചെയ്കയും
ദീർഘായുസ്സോടെ ഇരിക്കയും
ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ ഭയപ്പെടുന്ന
ഭക്തന്മാർക്കു നന്മ വരുമെന്നു ഞാൻ
നിശ്ചയമായി അറിയുന്നു.**

(സഭാപ്രസംഗി 8:12)

## എൽ ശദ്ദായി
## കരുണ വർഷിപ്പ് സെന്റർ

ഞായറാഴ്ച ആരാധന 10am - 1pm
ലോയൽ ഓഡിറ്റോറിയത്തിനു സമീപം
കല്ലുമാലി പടി, ഇരവിപേരൂർ,
പത്തനംതിട്ട ജില്ല, കേരളം.
+91 8075111037

**യുവജനങ്ങളെ ബാധിക്കുന്ന സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള
ബോധവൽക്കരണത്തിനു വേണ്ടിയുള്ള പ്രസിദ്ധീകരണം.**

മദ്യപാനം

മയക്കുമരുന്ന്

ദുർന്നടപ്പ്

ആത്മഹത്യ

പുകവലി

ഹാ മായ, മായ,
സകലവും മായയത്രേ

**Dr. Johnson Cherian M.D. Ph.D.**
TGSM, Eraviperoor, Kerala, India
WhatsApp +91 9605504120
johnson3570@gmail.com
www.johnsoncherian.com

All is Vain.indd 10 27/08/2024 12:39:44 AM